# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ഓരോ കുട്ടിയും മികവിലേക്ക്

**ക്രസന്റ് പബ്ലിക് എൽ പി സ്കൂൾ പനമരം**

# സ്കൂൾ ഫാക്കൽറ്റി


SAKKEENA C (HM)


MINIJA K M


SHEMINA U K


SAEEDA BEEVI


SOUKHYA PS


THOUFEEKA C


JESNA P K


AMAL RAJ PO


AFSATH T P


SHANIJA TH


SHOUKKATH TH


MEERA VS


MUHAMMEDAZHARUDHEEN


SHEREENA CM

# ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവിശ്യമായ ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരുന്നത്

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ട്പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുമാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം .എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ പൊതുകേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ക്രസന്റ് പബ്ലിക് എൽ പി സ്കൂൾ പനമരം സജീവമായ പി ടി എ , എം പി ടി എ, അദ്ധ്യാപക സംഘം ,രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി ടി എ പ്രസിഡണ്ട് എം പി ടി എ പ്രസിഡണ്ട് ഹെഡ്മിസ്ട്രസ്

# ക്രസന്റ് പബ്ലിക് എൽ പി സ്കൂൾ പനമരം

വൈദേശികാധിപത്യത്തിനെതിരായ പോരാട്ടത്തിൻറെ ചരിത്രമുറങ്ങുന്ന ടിപ്പു സുൽത്താൻറെയും വീരപഴശ്ശി തമ്പുരാൻറെയും പാദസ്പർശനമേറ്റ് അനുഗ്രഹീതീമായനാട്, ഇംഗ്ലീഷ് മീഡിയംസ്കൂളുകൾ സാധാരണക്കാരൻറെ കേട്ട കേൾവികളിൽ മാത്രം ഒതുങ്ങി നിന്ന കാലം പോയകാലത്തിൻറെ ഓർമ്മകളെ നെഞ്ചിലേറ്റി പനമരത്തെ ഒരു കൂട്ടം യുവാക്കളുടെ ഒത്തുചേരലിൽ നിന്നും 1989 ൽ പ്രവർത്തനം കുറിച്ചതാണ്

ഈ വിദ്യാലയം. കേന്ദ്ര ഗവൺമെൻറ് ഇന്ത്യയിലെ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്കായി കൊണ്ടു വന്ന AREA INTENSIVE SCHEME FOR EDUCATIONALLY BACKWARD MINORITIES എന്ന പദ്ധതി പ്രകാരം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ഇ.ടു മുഹമ്മദ് ബഷീർ എൽ പി സ്കൂൾ അനുവദിക്കുകയും പ്രസ്തുത സ്കീം പ്രകാരം 1995 ൽലഭിച്ച ഗ്രാൻറ് ഉപയോഗിച്ച് എൽപി സ്കൂളിനായുള്ള കെട്ടിടത്തിന് ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു.1996 ൽ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ പ്രമുഖരുടെസാന്നിദ്ധ്യത്തിൽ പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിയാക്കി സ്കൂളിൻറെ പ്രധാന കെട്ടിടത്തിൻറെ ശിലാസ്ഥപനം നിർവഹിച്ചു. ഘട്ടംഘട്ടമായി കെട്ടിടത്തിൻറെ പണി ഇന്നും നടന്നു വരുന്നു. 2002-2003 വർഷത്തിൽ ഹൈസ്കൂൾ ആരംഭിക്കുകയും 2004 2005 വർഷത്തിൽ ആദ്യത്തെ എസ് എസ് എൽ സി ബാച്ച് നൂറ് ശതമാനം വിജയത്തോടെ പുറത്തിറങ്ങി. പഠനത്തോടൊപ്പം കലാസാഹിത്യ രംഗങ്ങളിലു അതീവ ശ്രദ്ധ പുലർത്തുന്ന സ്കൂളിലെ പ്രതിഭകൾ വർഷാവർഷങ്ങളിൽ ഉപജില്ല, ജില്ലാ, സംസ്ഥാന കലോൽസവങ്ങളിൽ മികച്ച വിജയങ്ങൾ നേടി വരുന്നു.

പനമരം പട്ടണത്തിൽ നിന്നും പ്രകൃതി രമണീയമായ അന്തരീത്തിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യലയം ഭൗതികസൗകര്യങ്ങളിൽ മികച്ചു നിൽകുന്നു. അക്കാദമിക നിലവാരം മെച്ചപ്പെടുത്താനുള്ള ഭൗതിക സാഹചര്യങ്ങൾ പരമാവധി ഞങ്ങളുടെ സ്കൂള സജ്ജമാക്കിയിട്ടുണ്ടി. ഹരിതാഭവും ശാന്ത സുന്ദരവുമായ അന്തരീക്ഷം , മികച്ച് യാത്ര സൗകര്യം സുരക്ഷിതവും ശുചിത്വ പൂർണ്ണവുമായ ശൗചാലയങ്ങൾ,പഠനാനുകൂലമായ ക്ലാസ് റൂം സജ്ജീകരണം, വായന പ്രോത്സാഹനാത്മകമായ ലൈബ്രറി, കുടിവെള്ള ലഭ്യത എന്നീ ഭൗതി ക സൗകര്യങ്ങൾ സ്കൂളിൽ നിലനിൽക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ക്രസന്റ് പബ്ലിക് എൽ പി സ്കൂൾ പനമരം |
| മേൽവിലാസം | : പനമരം<br>മാനന്തവാടി<br>വയനാട് |
| ഫോൺ | : |
| സ്കൂൾ കോഡ് | : 15509 |
| വിദ്യാഭ്യാസ ഉപജില്ല | : മാനന്തവാടി |
| വിദ്യാഭ്യാസ ജില്ല | : വയനാട് |
| റവന്യൂ ജില്ല | : വയനാട് |
| ബി ആർ സി | : മാനന്തവാടി |
| സി ആർ സി | :പനമരം |
| ഗ്രാമ പഞ്ചായത്ത് | : പനമരം ഗ്രാമ പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : പനമരം |
| ജില്ലാ പഞ്ചായത്ത് | : വയനാട് |
| നിയമസഭാ മണ്ഡലം | : മാനന്തവാടി |
| ലോകസഭാമണ്ഡലം | : വയനാട് |
| താലൂക്ക് | : മാനന്തവാടി |
| വില്ലേജ് | :പനമരം |
| ഇ – മെയിൽ വിലാസം | : lpcrescentpnm@gmail.com |
| സ്കൂൾ വിക്കി | : ക്രസന്റ് എൽ പി പനമരം |

## പൊതു ലക്ഷ്യങ്ങൾ

1) സ്കൂളിലെത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2) എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്താൻ വേണ്ടി C-SAP ( Complete skill acquisition programme )തുടരും
3) ഓരോ കുട്ടിയും ഒന്നമാനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും
4) വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവിശ്യമായ പ്രവർത്തനങ്ങളൊരുക്കും
5) ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സുറികളിൽ ഉപയോഗിക്കുന്നതിന് അദ്ധ്യാപകരെ ശാക്തീകരിക്കും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും
6) സയൻസ് ലാബ് ,സ്കൂൾ ലൈബ്രറി എന്നിവ ആധുനിക വത്കരിക്കും
7) ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നല്കും . ഇതിനായി വ്യകതിഗത പി ടി എ , കോർണർ പി ടി എ ചേരും
8) ഒന്നാം ക്ലാസു മുതൽ നാലാം ക്ലാസു വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ് ആർ ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9) വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും
10) ആശയ പ്രകടന ശേഷി വർധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും അപർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും
11) ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
12) മാലിന്യ മുക്ത വിിദ്യാലയം . ഹരിത പെരുമാറ്റച്ചചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം ,വേസ്റ്റ് മാനേജ് മെന്റ് , മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.
13) വിദ്യാലയം ഹൈടെക്കായി മാറ്റുക
14) പോക്സോ സംബന്ധമായ ബോധവത്കരണം
15) രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻകരുതലുകൾ

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| | നേട്ടങ്ങൾ | പരിമിതികൾ |
|---|---|---|
| | ◆ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അദ്ധ്യാപക സമൂഹം<br>◆ ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം<br>◆ മികച്ച ലൈബ്രറി ,കമ്പ്യൂട്ടർ പഠന സൗകര്യം<br>◆ C-SAP പദ്ധതി ആവിഷ്കരിച്ച് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും ഭാഷാ ശേഷികളായ ഭാഷണം ,വായന ,ലേഖനം എന്നിവയിൽ സ്വയംപര്യാപ്തരാവുന്നു<br>◆ ഓരോ കുട്ടിയും ഒന്നാമനാണ്<br>◆ കലാപഠനം ,പ്രവർത്തിപരിചയപഠനം. കായികപഠനം എന്നിവയ്ക്ക് പ്രത്യേകപരിശീലനം<br>◆ പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യകതിഗത സഹായം<br>◆ സർഗാത്മക വേദികൾ,ആശയപ്രകടനവേദികൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>◆ പാഠ്യതര പ്രവർത്തനങ്ങൾ,ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിയിൽ നടപ്പാക്കുന്നു<br>◆ കാർഷിക പ്രവർത്തികൾ ജൈവവധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യുന്നു. | ◆ മുഴുവൻ കുട്ടികൾക്കും ഭാഷാ ഗണിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>◆ മികച്ച ലൈബ്രറി ലാബ് സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി ഇടപെടാനുള്ള അവസരമില്ല കമ്പ്യൂട്ടർ ലാബ് പ്രവർത്തനങ്ങൾ മെച്ചപ്പെടാനുണ്ട്<br>◆ വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നല്കുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ കുറവാണ്,വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല<br>◆ മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരഹരിക്കപ്പെടേണ്ടതുണ്ട്<br>◆ കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്<br>◆ |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1) എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തമാക്കുക
2) എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്കനുയോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്ന് ഉറപ്പ് വരുത്തുക
3) കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4) സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
5) ആശയങ്ങൾ വിവിധ തരത്തിൽആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
6) ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക
7) മികച്ച വായനശീലം വളർത്തുക.

## ENGLISH

1) Enable all children to communicate confidently in English
2) Prepare for independent reading
3) Provide opportunities for expression in English
4) Utilize technical education opportunities for English language development
5) utilize the potential of the illustrated notebook to acquire basic language skills through the method of presentation of ideas.
6) Easy English books in the LP classes reading room and school
7) Plan production workshops with the help of parents to prepare the resources needed to present lessons in the Hello English model.

## പരിസരപഠനം

1) ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2) ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3) ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് വളർത്തുക
4) ആധുനിക സൗകര്യങ്ങളോടെ കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുക
5) ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക

6) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക

## ഗണിതം

1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3) ഓരോ ക്ലാസിലും കരിക്കുലംവിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക
4) ആധുനിക സാങ്കേതികാവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
5) ഗണിത ചിന്ത, യുക്തിചിന്ത,വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

## അറബിക്

1) എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുക്കൊണ്ട വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക
2) കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക
3) വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക
4) ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## സാമൂഹികാവബോധം

1) ജനാധിപത്യ വേദികൾ ഒരുക്കുക
2) സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3) ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4) ദിനാചരണങ്ങൾ , ബോധവത്കരണ പരിപാടികൾ , ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## കലാപരിശീലനം

1) കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2) കലാഭിരുചി വളർത്തുക
3) ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
4) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക
5) ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

## പ്രവർത്തിപരിചയം

1) നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക
2) പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
3) ഇതരവിഷയങ്ങളുമായി/ പഠനവുമായി പ്രവർത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

1) മനസ്സിന്റെ കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
2) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
3) ആരോഗ്യശീലങ്ങൾ വളർത്തുക
4) ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
5) സ്കൂൾ ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക

# വിലയിരുത്തൽ ,രേഖപ്പെടുത്തൽ , അക്കാദമിക മോണിറ്ററിംഗ്

## അക്കാദമിക് മോണിറ്ററിംഗ്(Academic Monitoring)

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പ് വരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ,ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടിയുടെ പങ്കാളിത്തം ,പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല,കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാവണം ഇത് ഉറപ്പാക്കാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നല്കുകയും വേണം

## പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക
- അദ്യാപകരുടം ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം ഉയർത്തുക
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ തുടങ്ങിയവ മുതലായവ പരിശോധിക്കുക
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകൾ തിരിച്ചറിഞ്ഞ് പിന്തുണ നല്കുക
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ ( PTA,HM. SMC , SSK ) പ്രോത്സാഹിപ്പിക്കുക

## പ്രവർത്തന ഘട്ടങ്ങൾ

- **തീയതി നിശ്ചയിച്ച സന്ദർശനം:**

  1. ഡയറ്റ് , DEO,AEO  തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും HELP 2025 ഹാൻഡ് ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും

- **മോണിറ്ററിംഗ് ഉപാധികൾ:**

  1. **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ,ചോദ്യങ്ങൾ എന്നിവ

  2. **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ

  3. **NOTEBOOK ENTRY CHECKLIST :** ക്ലാസിലെ റിവ്യൂ,ഓൺ ദ സ്പോർട്ട് വിലയിരുത്തലുകൾ

  **4.OBSERVATION TOOL :** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്

- **ഉദ്യോഗസ്ഥരുടെ ചുമതലകൾ**

  1. **SCERT/DIET-** ഫാക്കൽറ്റി അംഗങ്ങൾ. വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക

**2. DIET PRINCIPAL :** ജില്ലാതല മാർഗ്ഗ നിർദ്ദേശം

**3.DDE ,DEO, AEO. :** സ്കൂൾതല ചിട്ട വ്യവസ്ഥയും അധ്യാപക പിന്തുണയും

**4. DPC . BPC :** പദ്ധതി തയ്യാറാക്കലിന്റെ ഉപരിതല സഹായങ്ങളും

5 വിദ്യാകിരണം മിഷൻ കോർഡിനേറ്റർ. ഡോക്യുമെന്റേഷൻ,ഡിജിറ്റൽ രേഖകൾ

- **പ്രതിവാര അവലോകനം**

1. ,സന്ദർശനം , കുട്ടികളുടെ പ്രവത്തനം, അധ്യാപകരുടെ ആസൂത്രണം,ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്

2. ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേനെ സംവേദനം

## വിലയിരുത്തൽ

- HELP 2025 പ്രകാരം ഓരോ യൂണിറ്റും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക
- കുട്ടികളുടെ പ്രവർത്തനങ്ങൾ, പഠന ലഘുചിത്രങ്ങൾ പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക
- അധ്യാപകരുടെ ടെക്സ്റ്റ്ബുക്കുകൾ,ഡയറികൾ യഥാസമയം എഴുതിവെച്ച ആസൂത്രണങ്ങൾ എന്നിവ പരിശോധിക്കുക
- റീഡേഴ്സ് തീയേറ്റർ, ഗ്രൂപ്പ് പ്രവർത്തനം,ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം ,സാമൂഹിക-ഭാഷാവികസനം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നല്കുക

## വികാസപ്രദ വിലയിരുത്തൽ (FORMATIVE ASSESSMENT)

വികാസപ്രദ വിലയിരുത്തൽ(Formative Assessment) എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ് , പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നല്കുന്ന വളർച്ചാകേന്ദ്രമാണിത് .കുട്ടിയുടെ അറിവ്,പ്രക്രിയാശേഷി പങ്കാളിത്തം ആശയവിനിമയം ,ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ട് പോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവർത്തിയിൽ പങ്കാളിത്തം ,ധാരണ, പ്രകടനം ,രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക
- തത്സമയത്തിൽ കുട്ടിയുടെ പഠനപുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക
- വൈവിധ്യമാർന്ന പഠനരീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക

## പ്രവർത്തനഘട്ടങ്ങൾ :

### 1) പഠനപ്രക്രിയ വിലയിരുത്തൽ

- പ്രവർത്തന പങ്കാളിത്തം

  1. പ്രവർത്തനം ഏറ്റെടുത്തു?

  2. ഗ്രൂപ്പിൽ പ്രവർത്തിച്ചു?

  3. ആശയങ്ങൾ പങ്കുവെച്ചു?

- ആശയധാരണ

  1 ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു ?

  2.അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ ?

### 2) പ്രക്രിയാശേഷി വിലയിരുത്തൽ

1. മുൻധാരണകൾ എന്തെല്ലാമായിരുന്നു ?

2. പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ

1. **നിരീക്ഷണം**
2. **അഭിമുഖം**
3. **റേറ്റിംഗ് സ്കെയിൽ**
4. **കേസ്സ്റ്റഡി**
5. **സ്വയം വിലയിരുത്തൽ ഫോറങ്ങൾ**

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം : 1**
**പേര് : പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു<br><br>ലഘു വിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം ( രണ്ട് പുസ്തകം) | | |

**പ്രവർത്തനം : 2**
**പേര് : എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ഉച്ചഭാഷിണി വായന**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കഴിയുന്നു | | | | |

**പ്രവർത്തനം : 4**
**പേര് : അക്ഷരക്കൂട്ടം (വായന കോർണർ)**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു<br><br>ക്ലാസ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്ത ുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി<br><br>ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 5**
**പേര് : സ്കൂൾ ലൈബ്രറി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനശീലനം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG<br>ക്ലാസ് ടീച്ചർ<br>HM | |

**പ്രവർത്തനം : 6**
**പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെയും പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾഉൾകൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | മാഗസിൻ ഒരുക്കൽ | | | |

**പ്രവർത്തനം : 7**
**പേര് : ക്ലാസ്തല പതിപ്പുകൾ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 8**
**പേര് : എന്റെ വായനാ കുറിപ്പുകൾ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനകുറിപ്പുകൾ തയ്യാറാക്കൽ( വായന കാർഡ്) വായന കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നല്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 9**
**പേര് : രചനോത്സവം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | |

**പ്രവർത്തനം : 10**
**പേര് : സർഗ്ഗവേള**
**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ ( ഭാഷണം,വായന, ലേഖനം) പ്രകടിപ്പിക്കുന്നതിനുള്ള അവസരം നല്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 11**
**പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര രചന**
**ഉപമേഖല : ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ- ജുലൈ | ഷൗക്കത്ത് ടി എച്ച്<br>മീര വി എസ്<br>ഷാനിജ ടി എച്ച്<br>അഫ്സത്ത് ടി പി | |

**പ്രവർത്തനം : 12**
**പേര് : പാട്ടരങ്ങ്**
**ഉപമേഖല : ഭാഷാ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാമ്കത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെഅവതരണം നടത്തുന്നു രാഗ താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ-മാർച്ച് | സൗഖ്യ<br>മിനിജ കെ എം<br>ഷമിന യു കെ<br>ഷെറീന സി | |

**പ്രവർത്തനം : 13**
**പേര് : റീഡേഴ്സ് തിയേറ്റർ**
**ഉപമേഖല : വായന വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന താല്പര്യവും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നല്കുന്നു. കഥാനായകർ , സംഭാഷണ ശൈലി ,ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>ഭാഷാ ക്ലബ്ബ് | |

**പ്രവർത്തനം : 14**
**പേര് : ഭാഷോത്സവം**
**ഉപമേഖല : ഭാഷാകാഴ്ച്ചവത്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക,ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക | ഭാഷാ പ്രസംഗം , കഥപറയൽ, കവിതാപാരായണം , കൊളാഷുകൾ, പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം | ജൂൺ-മാർച്ച് | മിനിജ കെ എം<br>സൗഖ്യ പി എസ്<br>അമൽ രാജ് പി ഒ<br>തൗഫീഖ സി | |

**പ്രവർത്തനം : 15**
**പേര് : അരങ്ങത്തേക്ക്**
**ഉപമേഖല : അവതരണ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് ഒരുക്കുന്നു | ജൂൺ-മാർച്ച് | പി ടി എ<br>ക്ലാസ് ടീച്ചർ | |

# ACTION PLAN -ENGLISH

| **Action: 1**<br>**Name : English Assembly**<br>**Sub topic : Performance venues** | | | | |
|---|---|---|---|---|
| **Objective** | **Activities** | **Time** | **Charge** | **Financial Analysis** |
| **Providing opportunities for expression in English** | **One day ,a week, the children themselves present the entire assembly program in English** | **During the week<br>one day** | **English club<br><br>Azharudheen<br><br>Shanija T H<br><br>Minija KM** | |
| **Action: 2**<br>**Name : English Bulletin (3rd and 4th Class)**<br>**Sub topic : Article** | | | | |
| **Objective** | **Activities** | **Time** | **Charge** | **Financial Analysis** |
| **Providing opportunities for expression in English** | **Prepare a bulletin in English on any topic every month<br><br>June – Environment<br>July- Moon<br>August – Independence Day<br>September – Onam<br>October- Gandhi<br>November – Kerala<br>December – Christmas<br>January – New Year** | **Every month** | **Class Teacher** | |

| Action:3<br>Name : Reading card workshop<br>Sub topic : Reading Material | | | | |
|---|---|---|---|---|
| **Objective** | **Activities** | **Time** | **Charge** | **Financial Analysis** |
| Enable children to express themselves in English | Making English reading cards using parents | June | English club<br><br>Shanija T H | |

| Action:4<br>Name : Work sheet workshop<br>Sub topic : Teacher Empowerment | | | | |
|---|---|---|---|---|
| **Objective** | **Activities** | **Time** | **Charge** | **Financial Analysis** |
| Achieve proficiency in English for all children | Preparing worksheets for children with different levels<br><br>Teacher leadership | July | Shoukkath TH<br><br>Thoufeeka C<br><br>Shereena C<br><br>Jesna | |

# പ്രവർത്തന പദ്ധതികൾ

# അറബിക്

| പ്രവർത്തനം: 1<br>പേര്: ലോക ഭാഷ അറബി ഭാഷ<br>ഉപമേഖല : അടിസ്ഥാന ശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| അറബി ഭാഷയിൽ അടിസ്ഥാന | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ | രണ്ട് മാസം | അറബി ടീച്ചർ | |

| | | | | |
|---|---|---|---|---|
| ശേഷികൾ നേടിയെടുക്കുക | ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>● മുന്നറിവ് പരിശോധിക്കുക<br>● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● വാചകങ്ങൾ നിർമ്മിക്കൽ<br>● ഭാഷാ കളികൾ | | | |

## പ്രവർത്തനം: 2

## പേര്: അറബി വായനോത്സവം

## ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന ലക്ഷ്യങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക | ◆ വായന മത്സരം ,ക്ലാസ് ലൈബ്രറി<br>◆ സ്കൂൾ ലൈബ്രറി<br>◆ വായനാകുറിപ്പുകൾ<br>◆ അറബിക് പത്രവായന , റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

## പ്രവർത്തനം: 3

## പേര്: അറബി രചനോത്സവം

## ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം | ◆ പതിപ്പുകളുടെ നിർമ്മാണം<br>◆ വായനാ കുറിപ്പ് ശേഖരണം<br>◆ ചുമർപത്രങ്ങൾ<br>◆ പോസ്റ്ററുകൾ<br>◆ ഭാഷകളികൾ | ജൂൺ- മാർടച്ച് | അറബി ടീച്ചർ | |

# പ്രവർത്തന പദ്ധതികൾ

# ഗണിതം

**പ്രവർത്തനം: 1**

**പേര്: ഗണിത വർക്ക് ഷീറ്റ് ശില്പശാല**

**ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന ലക്ഷ്യങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന ലക്ഷ്യങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SRG<br>ക്ലാസ് അധ്യാപകൻ | |

**പ്രവർത്തനം: 2**

**പേര്: ഗണിത ലാബ് ( ഗണിതമധുരം)**

**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | ഷൗക്കത്ത് ടി എച്ച്<br>അഫ്സത്ത്<br>ജസ്ന | |

**പ്രവർത്തനം: 3**

**പേര്: ഗണിത മൂല**

**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ ( | ജൂൺ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| എത്തിക്കുക | മഞ്ചാടി,കളിനോട്ട് ഗണിത കാർഡുകൾ ക്രമീകരിക്കൽ) | | | |

## പ്രവർത്തനം: 4

## പേര്: യൂണിറ്റ് വിലയിരുത്തൽ

## ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം നടത്തുന്നു | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം: 5

## പേര്: ഗണിത ക്ലാസ് പി ടി എ

## ഉപമേഖല : സി പി ടി എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പിക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ ഗൃഹപാഠ പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നല്കുന്നു പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം: 5

## പേര്: ഗണിതം മധുരം

## ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നില്ക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ, ശില്പശാലകൾ | ജൂണ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

# പ്രവർത്തന പദ്ധതികൾ

# പരിസര പഠനം

**പ്രവർത്തനം: 1**

**പേര്: ശാസ്ത്ര പഠനോപകരണ ശില്പശാല**

**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്വർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം: 2**

**പേര്: എന്റെ പരീക്ഷണം ( കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്**

**ഉപമേഖല : ശാസ്ത്രവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | ജൂൺ -മാർച്ച് | തൗഫീഖ<br>ഷെറീന<br>അസറുദ്ദീൻ<br>ഷാനിജ<br>ജസ്ന<br>മിനിജ | |

**പ്രവർത്തനം: 3**

**പേര്: പരീക്ഷണകിറ്റ്**

| ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്രപഠന താത്പര്യം വളർത്തുക,ശാസ്ത്രവ ബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്രപരീക്ഷണ ങ്ങൾക്കിണങ്ങുംവി ധം ആവിശ്യമായ ശേഖരിച്ച് സൂക്ഷിക്കുന്നതിന് , പരീക്ഷണ കിറ്റ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം: 4<br>പേര്: പരീക്ഷണോത്സവം<br>ഉപമേഖല : ശാസ്ത്രാന്വേഷണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്ര വിഷയങ്ങളിലേക്കു ള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾ അതിൽ പങ്കാളികളാകുന്ന | എല്ലാ മാസവും | ശാസ്ത്ര ക്ലബ്ബ് ഷെറീന അഫ്സത്ത് അമൽ രാജ് പി ഒ | |

# രാസ ലഹരി ,മൊബൈൽ അഡിക്ഷൻ

| പ്രവർത്തനം: 1<br>പേര്: ലഹരി - രാസലഹരി മൊബൈൽ അഡിക്ഷൻ<br>ഉപമേഖല : ശാരീരിക ,മാനസിക ,ആരോഗ്യ ബോധവത്കരണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും | ബോധവത്കരണ ക്ലാസുകൾ , വീഡിയോകളിലൂടെ | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ് പോലീസ് അമൽ രാജ് പി ഒ | |

| | | | | |
|---|---|---|---|---|
| പ്രധിരോധശേഷിയും വളർത്തുക | പ്രഭാഷണം<br>ഉപദേശക സംവാദങ്ങൾ<br>പോസ്റ്റർ | | ഷൗക്കത്ത് ടി എച്ച്<br>അസറുദ്ദീൻ | |

# സാമൂഹികാവബോധം

**പ്രവർത്തനം: 1**

**പേര്: അതിഥിയെ അറിയൽ**

**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ<br>ചർച്ചകൾ,സംവാദങ്ങൾ ക്ലാസ്സ്ഥലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം: 2**

**പേര്: പ്രാദേശിക അറിവ്**

**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിളനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക | നവംബർ | എസ് എസ് ജി | |

**പ്രവർത്തനം: 3**

**പേര്: ഫീൽഡ് ട്രിപ്പ്**

**ഉപമേഖല : പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യസേഥാപന ങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ്റ്റേഷൻ, പോസ്റ്റോഫീസ് പഞ്ചായത്ത് ,വില്ലേജ്.ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | അമൽ രാജ് പി ഒ<br>ഷൗക്കത്ത് ടി എച്ച്<br>അസറുദ്ദീൻ<br>HM | |

# വിവര സാങ്കേതിക വിദ്യ പ്രവർത്തനങ്ങൾ

## പ്രവർത്തനം: 1

## പേര്: വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

## ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഐ സി ടി സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ( സമഗ്ര പ്രവത്തനത്തിൽ പങ്കാളിയാവൽ) | ഓരോ മാസത്തിലും | SITC<br>തൗഫീഖ സി<br>മീര വി എസ്<br>അമൽ രാജ് പി ഒ<br>സൗഖ്യ | |

## പ്രവർത്തനം: 2

## പേര്: IT ലാബ്

## ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | ജൂൺ-ആഗസ്റ്റ് | SITC<br>തൗഫീഖ<br>അമൽ രാജ് പി ഒ<br>സൗഖ്യ | |

# പ്രവർത്തി പരിചയം

## പ്രവർത്തനങ്ങൾ

**പ്രവർത്തനം: 1**

**പേര്: പ്രവർത്തിപരിചയ ശില്പശാല**

**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവർത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക പരിശീലനം ലഭ്യമാക്കൽ നിർമ്മാണം - പാവ, ചോക്ക്, ചന്ദനത്തിരി,ചവിട്ടി കുട ,Etc.. | സെപ്റ്റംബർ | SRG<br>ഷെമിന യു കെ<br>അമൽ രാജ് പി ഒ<br>സഊദ ബീവി | |

**പ്രവർത്തനം: 2**

**പേര്: പേപ്പർ ബാഗ് നിർമ്മാണം**

**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂൺ -മാർച്ച് | മീര വി എസ്<br>ഷെറീന സി<br>സഊദ ബീവി<br>ഷൗക്കത്ത് ടി എച്ച് | |

**പ്രവർത്തനം: 3**

**പേര്: ഒറിഗാമി**

**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇതര വിഷയ പഠനവുമായി പ്രവർത്തിപരിചയാനുഭവത്തെ ബന്ധിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവിശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | സൗഖ്യ<br>മീര വി എസ്<br>ജസ്ന | |

# സർഗ വേദി
# പ്രവർത്തനങ്ങൾ

**പ്രവർത്തനം: 1**

**പേര്: സർഗ വേദി**

**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക ( കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗ വേദി നടത്തൽ<br><br>നേതൃത്വം - കുട്ടികൾ | എല്ലാ മാസത്തിലും | SRG<br>ക്ലാസ് ടീച്ചർ | |

**പ്രവർത്തനം: 2**

**പേര്: ടാലന്റ് ലാബുകൾ**

**ഉപമേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് | എല്ലാ മാസത്തിലും | SRG<br>PTA | |

| | | | | |
|---|---|---|---|---|
| | പരിശീലനം | | | |

പ്രവർത്തനം: 3

പേര്: പ്രകടന വേദികൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ യൂട്യൂബ് ചാനൽ, ഇൻസ്റ്റഗ്രാംപേജ് എന്റെ പത്രം വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ-മാർച്ച് | SITC<br>SRG<br>അമൽ രാജ് പി ഒ<br>ഷൗക്കത്ത് ട് എച്ച്<br>മീര വി എസ്<br>സഊദ ബീവി<br>ഷാനിജ ടി എച്ച് | |

# ആരോഗ്യ കായിക വിദ്യാഭ്യാസം പ്രവർത്തനങ്ങൾ

പ്രവർത്തനം: 1

പേര്: കായികാരോഗ്യം

ഉപമേഖല : എയറോബിക്സ് എക്സെർസൈസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | സ്കിപ്പിംഗ് പരിശീലനം അത് ലറ്റിക് പരിശീലനം | ജൂൺ- മാർച്ച് | HM<br>SRG<br>PTA | |

പ്രവർത്തനം: 2

പേര്: ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പ് വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പ് വരുത്തുന്നതിനായി ആദ്യ ടേർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - മാർച്ച് | PTA | |

## പ്രവർത്തനം: 3

## പേര്: ഹെൽത്ത് ചെക്ക് അപ്പ്

## ഉപമേഖല : ആരോഗ്യം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പ് വരുത്തുക | PT പിരീഡിൽ ഫിസിക്കൽ എക്സൈസ് ഗെയിംസ് എന്നിവ നല്കുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നല്കൽ | ജൂൺ - സെപ്തംബർ | SRG | |

# നിർവഹണ ചുമതല

# ശ്രീമതി സക്കീന . സി : ഹെഡ്സിസ്ട്രസ്

# ശ്രീമതി മിനിജ കെ എം

# ശ്രീമതി ഷെമിന യു കെ

# ശ്രീമതി സഇൗദ ബീവി

# ശ്രീമതി സൗഖ്യ പി എസ്

#ശ്രീമതി തൗഫീഖ സി : എസ് ആർ ജി കൺവീനർ

# ശ്രീ അമൽ രാജ് പി ഒ

# ശ്രീമതി ജസ്ന പി കെ

# ശ്രീമതി അഫ്സത്ത് ടി പി

# ശ്രീമതി ഷാനിജ ടി എച്ച്

# ശ്രീ ഷൗക്കത്ത് ടി ച്ച്

# ശ്രീമതി മീര വ് എസ്

# ശ്രീ മുഹമ്മദ് അസ്ഹറുദ്ദീൻ കെ

#ശ്രീമതി ഷെറീന സി